# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 മാർച്ച് 19**

---

*അന്താരാഷ്ട്ര പരിശീലന പരിപാടിക്ക് തുടക്കം*

## ബാലാവകാശ സംരക്ഷണത്തിന് സമൂഹത്തിന്റെ ജാഗ്രത അനിവാര്യം-ഡോ. അരവിന്ദകുമാർ

*വിവിധ മേഖലകളിൽ കുട്ടികൾക്കെതിരെ നടക്കുന്ന ചൂഷണങ്ങൾ ചെറുക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്ന് മഹാത്മാ ഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു. പേരൂർ കാസ മരിയ സെന്ററിൽ ബാലാവകാശ നിയമങ്ങളെക്കുറിച്ചുള്ള അന്താരാഷ്ട്ര പരിശീലന പരിപാടിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.*

*ഇന്ന് സമൂഹം പുലർത്തുന്ന ജാഗ്രതയാണ് നാളെ കുഞ്ഞുങ്ങൾക്ക് സംരക്ഷണ കവചമായി മാറുക. കുട്ടികളുടെ സുരക്ഷയ്ക്ക് പല തലങ്ങളിൽ വെല്ലുവിളികൾ ഉയരുന്ന സാഹചര്യത്തിൽ ബാലാവകാശങ്ങളെക്കുറിച്ചുള്ള അധ്യാപകരുടെ അറിവുകൾ വിപുലീകരിക്കുന്നത് ഗുണകരമാകും-ഡോ. അരവിന്ദകുമാർ വിലയിരുത്തി.*

*കുട്ടികൾക്കെതിരായ ചൂഷണങ്ങൾ തടയുന്നതിന് നിലവിലെ നിയമങ്ങൾ കൂടുതൽ കർശനമാക്കുന്നത് പരിഗണിക്കേണ്ടതുണ്ടെന്ന് മുഖ്യ പ്രഭാഷണം നിർവഹിച്ച മലങ്കര സഭ മാവേലിക്കര രൂപതാധ്യക്ഷൻ ഡോ. ജോഷ്വ മാർ ഇഗ്നാത്തിയോസ് നിർദേശിച്ചു. വിവിധ തലങ്ങളിലുള്ള ശിശു സംരക്ഷണ സമിതികൾ ശക്തിപ്പെടുത്തണം. വകുപ്പുകളും ഏജൻസികളും തമ്മിൽ ഫലപ്രദമായ ഏകോപനം വേണം. ബോധവത്കരണത്തിന് നൂതന സാങ്കേതിക വിദ്യകളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കണം-അദ്ദേഹം പറഞ്ഞു.*

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസ് മേധാവി ഡോ. ജെ.വി. ആശ, അധ്യക്ഷത വഹിച്ചു.*

*ന്യൂയോർക്ക് ക്ലാർക്ക്സൺ സർവകലാശാലയിലെ ഡോ. ജീൻ എലിസബത്ത് ഡീ വാട്ടേഴ്സ് ഓൺലൈനിൽ സമ്മേളനത്തെ അഭിസംബോധന ചെയ്തു. സംഘാടക സമിതി സെക്രട്ടറി ഡോ. സിബു ജി. നെന്മേ, ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.ജി മോഹൻ, ചെങ്ങന്നൂർ മാർ ഇവാനിയോസ് കോളജ് പ്രിൻസിപ്പൽ ഡോ. ഗിരീഷ് കെ. പിള്ള, പ്രഫ. സജ്‌ന ജലീൽ, ഡോ. കെ.വി. മുഹമ്മദ്, ഡോ. എസ്. സ്മിത എന്നിവർ സംസാരിച്ചു.*

*സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസിലെ മൗലാനാ അബുൾ കലാം ആസാദ് ചെയർ ഫോർ സ്റ്റഡീസ് ഓൺ നാഷണൽ ഇന്റഗ്രേഷൻ, ചൈൽഡ് റൈറ്റ്സ് സെന്റർ, ചെങ്ങന്നൂർ മാർ ഇവാനിയോസ് ലോ കോളജ്, സെന്റർ ഫോർ റിസർച്ച് ഇൻ ചൈൽഡ് റൈറ്റ്സ് ആന്റ് ഡവലപ്മെന്റ്, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് എന്നിവ സംയുക്തമായി സംഘടിപ്പിച്ചിരിക്കുന്ന പരിശീലന പരിപാടി മാർച്ച് 28ന് സമാപിക്കും.*

*ഫോട്ടോ ക്യാപ്ഷൻ...*

*ബാലാവകാശ നിയമങ്ങളെക്കുറിച്ചുള്ള അന്താരാഷ്ട്ര പരിശീലന പരിപാടി പേരൂർ കാസ മരിയ സെന്ററിൽ മഹാത്മാ ഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.*

*(പി.ആർ.ഒ/39/1394/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*രണ്ടാം സെമസ്റ്റർ എംപിഇഎസ് (ദ്വിവത്സര പ്രോഗ്രാം 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റും സപ്ലിമെന്ററിയും, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ ഏപ്രിൽ നാലു മുതൽ നടക്കും. മാർച്ച് 24 വരെ അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് 25 വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് 26 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1395/2025)*

## പരീക്ഷാ തീയതി

*എട്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഏപ്രിൽ രണ്ട് മുതൽ നടക്കും.*

...

*നാലാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (2023 അഡ്മിഷൻ റഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി-പുതിയ സ്കീം) പരീക്ഷകൾ ഏപ്രിൽ മൂന്ന് മുതൽ നടക്കും.*

*(പി.ആർ.ഒ/39/1396/2025)*

## <u>പ്രാക്ടിക്കൽ</u>

*ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി പ്രോഗ്രാം ഇൻ കമ്പ്യൂട്ടർ സയൻസ്-ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, കമ്പ്യൂട്ടർ സയൻസ്-ഡാറ്റാ സയൻസ് (2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റും സപ്ലിമെന്ററിയും പുതിയ സ്കീം ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ  മാർച്ച്  24 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1397/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**